**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2500** **07-07-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ പ്രദർശന സ്റ്റാളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ വ്യവസായ വകുപ്പ് പ്രദർശന സ്റ്റാളുകൾ നടത്തിയിരുന്നോ; | (എ) | സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 2022 മെയ് 27 മുതൽ ജൂൺ 2 വരെ നടത്തപ്പെട്ട വിവിധ ആഘോഷ പരിപാടികളുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ സംയുക്ത പ്രദർശന - വിപണന മേള സംഘടിപ്പിച്ചിരുന്നു. |
| (ബി) | പ്രസ്തുത സ്റ്റാളുകൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമായിരുന്നു; സ്റ്റാളുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചു; ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം നിരസിച്ചു; ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | 150 കോമേഴ്സ്യൽ സ്റ്റാളുകളാണ് സംഘാടക സമിതി ഒരുക്കിയിരുന്നത്. ജില്ലയിലെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളെയും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെയും പരിചയപ്പെടുത്തി അവയ്ക്ക് പ്രാദേശികമായും അല്ലാതെയും വിപണി കണ്ടെത്തുക എന്ന ലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്. രജിസ്ട്രേഷനു വേണ്ടി നിശ്ചയിച്ചിരുന്ന സമയപരിധിയായ 30/04/2022 വരെ ആകെ 208 സ്റ്റാളുകൾക്കാണ് അപേക്ഷ ലഭിച്ചിരുന്നത്. ജില്ലയിലെ മറ്റു വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സഹകരണ സംഘങ്ങൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾക്ക് മുൻഗണന നൽകിയിരുന്നു. ചുവടെപറയുന്ന നിബന്ധനകൾ പാലിച്ച് സ്റ്റാളിന്റെ എണ്ണത്തിനനുസരിച്ച് അപേക്ഷകൾ നിജപ്പെടുത്തിയിരുന്നു.<br><br>സമയ പരിധിക്കുള്ളിൽ ലഭിച്ചവ<br><br>ജില്ലയിലെ എല്ലാ താലൂക്കുകളിൽ നിന്നും പ്രാധിനിത്യം<br><br>സമാനമല്ലാത്ത ഉല്പന്നങ്ങൾ<br><br>പ്രദർശന മേളകളിൽ മുൻപ് അവസരം ലഭിക്കാത്തവർ |

| | | | |
|---|---|---|---|
| | | | മതിയായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ച് ആകർഷകമായ സ്റ്റോളുകൾ ഒരുക്കുന്നതിന്റെ സാധ്യത |
| (സി) | സ്റ്റാൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ നടപടി ക്രമങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | സ്റ്റാൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. വട്ടിയൂർക്കാവ് MLA ചെയർമാനായും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും കൊമേഴ്സ്യൽ സബ് കമ്മിറ്റി രൂപീകരിച്ച് സംഘാടക സമിതി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 18/04/2022 - ന് സബ് കമ്മിറ്റിയുടെ വിപുലമായ യോഗം കളക്ടറേറ്റിൽ വെച്ച് നടത്തി. വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയെ പ്രതിനിധീകരിച്ച് ആകെ 41 പേർ പങ്കെടുത്തു. രജിസ്ട്രേഷനു വേണ്ടി മേളയുടെ പൊതുവായ വിവരണം, രജിസ്ട്രേഷൻ ഫാറം എന്നിവ പ്രിന്റ് ചെയ്ത് വിതരണം ചെയ്തു. പങ്കെടുത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയുടെ ആവശ്യ പ്രകാരം സ്റ്റാളുകൾ അനുവദിക്കുന്നതിന് മുൻഗണന നൽകാനും, ബാക്കി വരുന്ന സ്റ്റാളുകൾ MSME മേഖലയിൽ നിന്നും DIC തലത്തിൽ പങ്കെടുപ്പിക്കണമെന്നും തീരുമാനിച്ചു. 02/05/2022, തിങ്കളാഴ്ച 12.30 P.M ന് ഓൺലൈനായി ചെയർമാന്റെ അദ്ധ്യക്ഷതയിൽ സബ് കമ്മിറ്റി യോഗം ചേർന്നു. വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയെ പ്രതിനിധീകരിച്ച് ആകെ 22 പേർ പങ്കെടുത്തു. സബ് കമ്മിറ്റിയിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ സംഘാടക സമിതിയെ അറിയിച്ച് പരിഹാരം കാണാൻ തിരുവനന്തപുരം ജില്ലാവ്യവസായ കേന്ദ്രം ജനറൽ മാനേജർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിപണന സ്റ്റാളുകളുടെ ഏകോപനത്തിന് വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി കൃത്യമായ അറിയിപ്പുകൾ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ഇപ്രകാരം മേള വിജയിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ